**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

**ബഹു സ്പീക്കറുടെ റൂളിംഗ്**

04-10-2021

## (2) ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

2021 ഒക്ടോബർ 4-ാം തീയതി നിയമനിർമ്മാണകാര്യത്തിൽ 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ, 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ ആറാം വകുപ്പ് മൂന്നാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് പഞ്ചായത്തംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചെങ്കിലും വാർഡ് വിഭജനം നടക്കാത്തതിനാൽ പഴയ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തിയതിനുശേഷം ഇപ്പോൾ ഭേദഗതി കൊണ്ടുവരുന്നത് ഭരണഘടനാ ലംഘനമാണെന്നും 2020 മേയ് മാസത്തിൽ ഓർഡിനൻസ് കൊണ്ടുവന്നശേഷം ആഗസ്റ്റിലും ഡിസംബറിലും സഭ ചേർന്നിട്ടും ബിൽ കൊണ്ടുവരാതെ പുതിയ ഗവൺമെന്റ് ചുമതലയേറ്റശേഷം ഈ സമ്മേളനത്തിൽ ബിൽ കൊണ്ടുവന്നത് സർക്കാരിന്റെ ഉദാസീനതയാണെന്നും ഇക്കാര്യത്തിൽ റൂളിംഗ് ഉണ്ടാകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ

ആവശ്യപ്പെടുകയുണ്ടായി.

കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ഭേദഗതി ഓർഡിനൻസുകൾ 2020 മേയ് 2-ാം തീയതി വിളംബരം ചെയ്തുവെന്നും 2020 നവംബർ മാസത്തോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് വാർഡ് വിഭജന പ്രക്രിയകൾ തടസ്സമാകുമെന്നതിനാലാണ് പ്രസ്തുത ഭേദഗതി ഓർഡിനൻസായി കൊണ്ടുവന്നതെന്നും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും ഡിസംബർ-ജനുവരി മാസങ്ങളിൽ ചേർന്ന നിയമസഭാ സമ്മേളന കാലയളവിൽ ഓർഡിനൻസുകൾക്കുപകരം ബില്ലുകൊണ്ടുവരാൻ സാധിക്കാതിരുന്നതിനാലും കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാര്യത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഭേദഗതി ഓർഡിനൻസ് വിളംബരം ചെയ്തതെന്നും സർക്കാരിന്റെ ഭാഗത്തുനിന്നും നിരുത്തരവാദപരമായ സമീപനം ഇക്കാര്യത്തിലുണ്ടായിട്ടില്ലെന്നും സാഹചര്യങ്ങൾ കണക്കിലെടുത്ത് ഓർഡിനൻസ് പുനർവിളംബരം ചെയ്യേണ്ടത് ഭരണഘടനാപരമായ

അനിവാര്യതയാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പ് കൽപ്പിച്ചിട്ടുള്ളതിനാൽ ഭരണഘടനാ വിരുദ്ധമാണെന്ന വാദം നിലനിൽക്കുന്നതല്ലെന്നും തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.

“2021 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2021 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും ഓർഡിനൻസുകൾക്ക് പകരമുള്ള നിയമനിർമ്മാണം എന്ന നിലയിലാണ് സഭ മുമ്പാകെ വന്നിട്ടുള്ളത്. കോവിഡ് - 19 പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട ഓർഡിനൻസുകൾക്ക് പകരം നിയമനിർമ്മാണം നടത്താൻ കഴിഞ്ഞിരുന്നില്ല. കഴിഞ്ഞ സമ്മേളന കാലത്ത് ഇതുസംബന്ധിച്ച ക്രമപ്രശ്നം തീർപ്പാക്കിക്കൊണ്ട് നൽകിയ റൂളിംഗിന്റെ കൂടി അടിസ്ഥാനത്തിലാണ് നിയമനിർമ്മാണത്തിനുമാത്രമായി ഈ സമ്മേളനം ചേരുന്നത്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.”